# സുഖപ്പെടുത്തലിന്റെ കൂദാശകൾ

**ഫാ.ജോർജ് ദാനവേലിൽ**

മാമ്മോദീസയിൽ സ്വീകരിക്കുന്ന നവജീവനിലേക്കുള്ള കൃപാവരം മനുഷ്യപ്രകൃതിയുടെ ദുർബലതയെയോ പാപാസക്തിയെയോ പൂർണ്ണമായി ഇല്ലാതാക്കുന്നില്ല. അതിനാൽ നാം ഈ ലോകത്തിലായിരിക്കുന്നിടത്തോളം കാലം പാപത്തിനടിമകളാകാനും ദൈവീക ജീവൻ നഷ്ടമാകാനും സാദ്ധ്യതയുണ്ട്. ശരീരത്തിന്റെയും ആത്മാവിന്റെയും ഭിഷഗ്വരനായ ക്രിസ്തു തന്റെ സുഖപ്പെടുത്തലിന്റെയും രക്ഷയുടെയും പ്രവൃത്തി പരിശുദ്ധാത്മാവിന്റെ ശക്തിയാൽ തന്റെ അംഗങ്ങളുടെയിടയിലും സഭയിലൂടെ തുടരണമെന്ന് ആഗ്രഹിച്ചു. സുഖപ്പെടുത്തലിന്റെ രണ്ടു കൂദാശകളായ അനുതാപകൂദാശയുടെയും രോഗീലേപനത്തിന്റെയും ലക്ഷ്യമിതാണ് (1421).

മാമ്മോദീസ സ്വീകരിക്കുകയും അതേസമയം പാപം ചെയ്ത് ഈശോയിൽനിന്ന് അകലുകയും ചെയ്തവരുടെ മാനസാന്തരത്തിനായി അവിടുന്ന് ഉത്ഥാനദിവസം അനുതാപകൂദാശ സ്ഥാപിച്ചു(1485). ഉത്ഥാനദിവസം വൈകുന്നേരം കർത്താവായ യേശു തന്റെ ശിഷ്യൻമാർക്കു പ്രത്യക്ഷപ്പെട്ട് അവരോടു പറഞ്ഞു: 'നിങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ. നിങ്ങൾ ആരുടെ പാപങ്ങൾ ക്ഷമിക്കുന്നുവോ അവ അവരോടു ക്ഷമിക്കപ്പെട്ടിരിക്കും; നിങ്ങൾ ആരുടെ പാപങ്ങൾ ബന്ധിക്കുന്നുവോ അവ ബന്ധിക്കപ്പെട്ടിരിക്കും' (യോഹ. 20:19,22-23). മാനസാന്തരത്തിലേക്കുള്ള ക്രിസ്തുവിന്റെ വിളി മാമ്മോദീസ സ്വീകരിച്ചവരുടെ ജീവിതത്തിൽ ഉടനീളം പ്രതിധ്വനിക്കുന്നു. പാപികളെ തന്റെ മാറോടുചേർക്കുന്ന സഭ ഒരേസമയം വിശുദ്ധയും എന്നാൽ എപ്പോഴും ശുദ്ധീകരിക്കപ്പെടേണ്ടവളുമാണ്. അവൾ നിരന്തരം പ്രായശ്ചിത്തത്തിന്റെയും നവീകരണത്തിന്റെയും പാതയിലൂടെ സഞ്ചരിക്കുകയും ചെയ്യുന്നു (1427).

ചെയ്തു പോയ പാപങ്ങളെക്കുറിച്ചുള്ള വേദന, അവയെ വെറുത്ത് ഉപേക്ഷിക്കൽ, ഭാവിയിൽ പാപം ചെയ്യുകയില്ലെന്ന ദൃഢപ്രതിജ്ഞ, ദൈവസഹായത്തിലുള്ള ആശ്രയബോധം ഇവയെല്ലാം അനുതാപകൂദാശയുടെ ആന്തരികഭാവങ്ങളായ പശ്ചാത്താപത്തിന്റെയും പ്രായശ്ചിത്തത്തിന്റെയും അടയാളങ്ങളാണ് (1430-1433). ക്രിസ്തീയജീവിതത്തിൽ പാപത്തിന്റെ പ്രായശ്ചിത്തം വ്യത്യസ്തങ്ങളായ രീതികളിൽ പ്രകടിപ്പിക്കപ്പെടാം. വിശുദ്ധലിഖിതങ്ങളും സഭാപിതാക്കൻമാരും മൂന്നു മാർഗ്ഗങ്ങൾ പ്രത്യേകമായി ഊന്നിപ്പറയുന്നു; ഉപവാസം, പ്രാർത്ഥന, ദാനധർമ്മം. വി.കുർബാനയിലുള്ള പങ്കുചേരൽ, വിശുദ്ധഗ്രന്ഥപാരായണം, യാമപ്രാർത്ഥനകളും 'സ്വർഗ്ഗസ്ഥനായ പിതാവേ...' എന്ന ജപവും ചൊല്ലൽ തുടങ്ങി ആരാധനയുടെയോ ഭക്തിയുടെയോ ആത്മാർത്ഥമായ ഓരോ പ്രവൃത്തിയും നമ്മിൽ മാനസാന്തരത്തിന്റെയും പശ്ചാത്താപത്തിന്റെയും ചൈതന്യത്തെ പുനർജീവിപ്പിക്കു കയും നമ്മുടെ പാപങ്ങളുടെ

പൊറുതിക്കു സഹായങ്ങളായിത്തീരുകയും ചെയ്യുന്നുവെന്നു മതബോധനഗ്രന്ഥം പഠിപ്പിക്കുന്നു (1435–1437).

അനുതാപകൂദാശയ്ക്കു സത്താപരമായ രണ്ടു ഘടകങ്ങളുണ്ട്: ഒന്ന്, പരിശുദ്ധാത്മാവിന്റെ പ്രവർത്തനം വഴി മാനസാന്തരത്തിനു വിധേയനാകുന്ന മനുഷ്യന്റെ പ്രവൃത്തികൾ അതായത് മനസ്താപം, ഏറ്റുപറച്ചിൽ, പരിഹാരംചെയ്യൽ; രണ്ട്, സഭയുടെ ഇടപെടലിലൂടെയുള്ള ദൈവത്തിന്റെ പ്രവൃത്തി. അതായത് യേശുവിന്റെ നാമത്തിൽ പാപങ്ങൾ പൊറുക്കുകയും പരിഹാരരീതി നിശ്ചയിക്കുകയും ചെയ്യുന്ന വൈദികൻ നൽകുന്ന പാപമോചനം. അങ്ങനെ പാപി സുഖമാക്കപ്പെടുകയും സഭാത്മകസംസർഗ്ഗത്തിൽ പുനഃസ്ഥാപിക്കപ്പെടുകയും ചെയ്യുന്നു (1448).

കുമ്പസാരം എന്ന കൂദാശയിലെ അനുതാപിയുടെ പ്രവൃത്തികൾ ഏവയെല്ലാമാണെന്നു മതബോധനഗ്രന്ഥം വ്യക്തമാക്കുന്നു: സശ്രദ്ധമായ ആത്മപരിശോധന, മേലിൽ പാപം ചെയ്യുകയില്ല എന്ന ദൃഢപ്രതിജ്ഞ ഉൾക്കൊള്ളുന്നതുമായ മനസ്താപം, വൈദികന്റെ മുമ്പിലുള്ള പാപങ്ങളുടെ ഏറ്റു പറച്ചിൽ, പ്രായശ്ചിത്തപ്രവൃത്തികൾ എന്നിവയാണ് (1450–1460). ഇതുവരെ ഏറ്റുപറയാത്ത എല്ലാ മാരകപാപങ്ങളും കുമ്പസാരത്തിൽ ഏറ്റുപറയണം എന്നു നിഷ്കർഷിക്കുന്ന മതബോധനഗ്രന്ഥം അത്യാവശ്യമല്ലെങ്കിലും ലഘുപാപങ്ങൾ ഏറ്റുപറയുന്നതു ശരിയായ മനസാക്ഷി രൂപീകരിക്കാനും തെറ്റായ പ്രവണതകളോടു പൊരുതാനും ആത്മാവിലുള്ള ജീവിതത്തിൽ പുരോഗതി പ്രാപിക്കാനും സഹായിക്കും എന്നും പഠിപ്പിക്കുന്നു. ഈ കൂദാശയുടെ സ്വീകരണം വഴി ദൈവവുമായും സഭയുമായുമുള്ള അനുരഞ്ജനവും സാധിതമാകുന്നു. ദണ്ഡവിമോചനങ്ങളെ സംബന്ധിച്ചുള്ള സഭയുടെ വിശ്വാസപ്രബോധനവും അവയുടെ വിനിയോഗവും അനുതാപകൂദാശയോടു ബന്ധപ്പെടുത്തി മതബോധനഗ്രന്ഥം വിശദീകരിക്കുന്നു (1471–1479). "പാപത്തിന്റെ ഫലമായ കാലികശിക്ഷയുടെ ഇളവ് ദണ്ഡവി മോചനങ്ങളിലൂടെ തങ്ങൾക്കുവേണ്ടിയും ശുദ്ധീകരണസ്ഥലത്തുള്ള ആത്മാക്കൾക്കു വേണ്ടിയും നേടാൻ വിശ്വാസികൾക്കു കഴിയും" എന്നു മതബോധനഗ്രന്ഥം പഠിപ്പിക്കുന്നു (1498).

രോഗമോ വാർദ്ധക്യമോ മൂലം ആരെങ്കിലും മരണാസന്നാവസ്ഥയിലോ ഗുരുതരാവസ്ഥയിലോ ആയാൽ, ആ വ്യക്തിക്കു രോഗീലേപനകൂദാശ സ്വീകരിക്കാമെന്നു മതബോധനഗ്രന്ഥം വിശദീകരിക്കുന്നു. ഒരിക്കൽ ഈ കൂദാശസ്വീകരിച്ചാലും രോഗാവസ്ഥ വർദ്ധിക്കുകയോ ഗൗരവമുള്ള മറ്റൊരുരോഗം ബാധിക്കുകയോ ചെയ്താൽ ഈ കൂദാശ വീണ്ടും സ്വീകരിക്കാവുന്നതാണ്. മരണനിമിഷത്തിൽ എത്തിയവർക്കുമാത്രമുള്ള ഒരു കൂദാശയല്ല രോഗീലേപനം (1514) എന്നു വിശദീകരിക്കുന്ന മതബോധനഗ്രന്ഥം ഗൗരവമുള്ള ശസ്ത്രക്രിയക്കു മുൻപു രോഗീലേപനം സ്വീകരിക്കുക സമുചിതമാണെന്നും നിർദ്ദേശിക്കുന്നു (1515).

ഗൗരവമുള്ള രോഗത്തിന്റെയോ വാർദ്ധക്യത്തിന്റെയോ അവസ്ഥയിലുള്ള പ്രയാസങ്ങൾ അനുഭവിക്കുന്ന ക്രൈസ്തവനു സവിശേഷമായ ഒരു കൃപാവരം നൽകുക എന്നതാണ് രോഗീലേപനമെന്ന കൂദാശയുടെ ലക്ഷ്യം (1527). രോഗികളെ സുഖപ്പെടുത്താനുള്ള കല്പന സഭ കർത്താവിൽനിന്നു സ്വീകരിച്ചിരിക്കുന്നു. അതിനാൽ രോഗികളെ ശുശ്രൂഷിച്ചുകൊണ്ടും തന്റെ മദ്ധ്യസ്ഥ പ്രാർത്ഥനകളിൽ അവരോടൊപ്പമായിരുന്നുകൊണ്ട് അതു നിർവ്വഹിക്കുവാൻ രോഗീലേപനമെന്ന കൂദാശയിലൂടെ സഭ പരിശ്രമിക്കുന്നു (1509).

രോഗീലേപനത്തിനുമുമ്പായി പാപമോചനം സ്വീകരിക്കുക അഭിലഷണീയമാണ്. വി.കുർബാനയോടനുബന്ധിച്ചു ഈ കൂദാശ പരികർമ്മം ചെയ്യുന്നതു തികച്ചും അർത്ഥവത്താണ്. രോഗികളുടെമേൽ വൈദികൻ കൈവയ്ക്കുന്നതും, സഭയുടെ വിശ്വാസത്തിൽ അവർക്കായി പ്രാർത്ഥിക്കുന്നതും, തുടർന്നു രോഗികളെ വിശുദ്ധതൈലംകൊണ്ടു ലേപനം നടത്തുന്നതും ഈ കൂദാശയുടെ ആഘോഷത്തിലെ പ്രധാനഘടകങ്ങളാണ്.

പരിശുദ്ധാത്മാവിന്റെ സവിശേഷമായ ഒരു ദാനമാണ് ഈ കൂദാശയുടെ പ്രഥമഫലം. രോഗത്തിന്റെയോ വാർദ്ധക്യത്തിന്റെയോ പ്രയാസങ്ങളെ തരണം ചെയ്യാനുള്ള ധീരതയുടെയും സമാധാനത്തിന്റെയും ശക്തിപ്പെടുത്തലിന്റെ കൃപാവരമാണ് ഈ കൂദാശയുടെ സ്വീകരണത്തിലൂടെ രോഗിക്കു ലഭിക്കുക. ക്രിസ്തുവിന്റെ പീഡാസഹനത്തോടു തന്റെ പ്രയാസങ്ങളെ യോജിപ്പിക്കാനുള്ള ശക്തിയും സഭാത്മകമായ പ്രത്യേകവരവും രോഗിക്കു ലഭിക്കുന്നു. വളരെ ഗുരുതരമായ രോഗാവസ്ഥയിലുള്ളവർക്കു ദൈവപിതാവിന്റെ ഭവനത്തിലേക്കുള്ള കടന്നു പോകലിനുള്ള ഒരുക്കമായും ഈ കൂദാശ ഭവിക്കുന്നു. രോഗിക്ക് അനുതാപകൂദാശയിലൂടെ പാപമോചനം നേടാൻ സാധിച്ചില്ലെങ്കിൽ പാപമോചനവും രോഗിയുടെ ആത്മരക്ഷയ്ക്കുതകുന്ന പക്ഷം ആരോഗ്യത്തിന്റെ വീണ്ടെടുക്കലും ഈ കൂദാശയുടെ സ്വീകരണത്തിലൂടെ ലഭിക്കും (1520–1532).

മരണാസന്നർക്കു സഭ രോഗീലേപനത്തിനുപുറമെ തിരുപ്പാഥേയം എന്ന നിലയിൽ ദിവ്യകാരുണ്യവും നൽകുന്നു. നിത്യതയിലേക്കുള്ള അവരുടെ കടന്നുപോകലിന്റെ നിമിഷത്തിൽ ക്രിസ്തുവിന്റെ ശരീരരക്തങ്ങൾ സ്വീകരിക്കുന്നതിനു പ്രത്യേകമായ അർത്ഥവും പ്രാധാന്യവുമുണ്ട്. പിതാവിന്റെ പക്കലേക്കുള്ള കടന്നുപോകലിനുള്ള യാത്രാഭക്ഷണമാണിത് (1424). മാമ്മോദീസ, സ്ഥൈര്യലേപനം, ദിവ്യകാരുണ്യം എന്നീ കൂദാശകൾ ക്രൈസ്തവപ്രാരംഭകൂദാശകൾ എന്ന പേരിൽ ഐക്യപ്പെട്ടിരിക്കുന്നതുപോലെ അനുതാപകൂദാശ, രോഗീലേപനം, തിരുപ്പാഥേയമായ ദിവ്യകാരുണ്യം എന്നിവ ക്രൈസ്തവജീവിതത്തിന്റെ അന്ത്യത്തിൽ സ്വർഗ്ഗീയ പിതൃഭവനത്തിലേക്കു യാത്രയൊരുക്കുന്ന കൂദാശകൾ അഥവാ ഭൗമിക തീർത്ഥാ ടനത്തെ പൂർത്തിയാക്കുന്ന കൂദാശകൾ എന്ന നിലയിൽ ഐക്യപ്പെട്ടിരിക്കുന്നു (1525).